ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 09.03.2025** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. നിർമിത ബുദ്ധി, സ്ത്രീകൾക്ക് പുതിയ അവസരങ്ങൾ തുറന്നു നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.
   **Prime Minister Narendra Modi says artificial intelligence is opening up new opportunities for women..**
2. പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടത്തിന് നാളെ തുടക്കം; ബാങ്കിങ് നിയമ ഭേദഗതി ഉൾപ്പെടെ സുപ്രധാന ബില്ലുകൾ ചർച്ച ചെയ്യും.
   **The second phase of the budget session of Parliament begins tomorrow; Important bills, including amendments to the Banking Act, will be discussed.**
3. രാജ്യത്തെ പ്രതിരോധമേഖല സ്വയം പര്യാപ്തതയിലേക്ക് അതിവേഗം മുന്നേറുകയാണെന്ന് രാജ്യരക്ഷാമന്ത്രി രാജ് നാഥ്സിംഗ്.
   **Defence Minister Rajnath Singh has said that the country's defence sector is rapidly moving towards self-reliance.**
4. സമഗ്ര ആരോഗ്യ പാലനം ഉറപ്പാക്കുകയാണ് കേന്ദ്ര സർക്കാരിൻറെ ലക്ഷ്യമെന്ന് കേന്ദ്ര സഹമന്ത്രി അനുപ്രിയ പട്ടേൽ.
   **Union Minister of State for Health Anupriya Patel said that the Union government's goal is to ensure comprehensive healthcare..**
5. കൊല്ലത്തു നടന്ന സിപിഐഎം സംസ്ഥാന സമ്മേളനത്തിന് സമാപനം. പാർട്ടി സംസ്ഥാന സെക്രട്ടറിയായി MV ഗോവിന്ദനെ വീണ്ടും തെരഞ്ഞെടുത്തു.
   **The CPI(M) state conference held in Kollam concluded. MV Govindan was re-elected as the party's state secretary..**
6. ICC ചാമ്പ്യൻസ് ട്രോഫി ഏകദിന ക്രിക്കറ്റ് ഫൈനലിൽ ന്യൂസിലണ്ടിനെതിരെ ഇന്ത്യക്ക് 252 റൺസ് വിജയലക്ഷ്യം.

**In the ICC Champions Trophy ODI cricket final India to chase a target of 252 runs against New Zealand.**

$$$$$$$$$$$$$$$$$$$$$$$$$$$$$$

**PRESIDENT-HARYANA VISIT**

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ഹരിയാന, ചണ്ഡീഗഢ്, പഞ്ചാബ് എന്നിവടങ്ങളിലെ സന്ദർശനം നാളെ ആരംഭിക്കും. ആദ്യ ദിവസം ഹരിയാനയിലെ ഹിസാറിലെ ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്ന രാഷ്ട്രപതി ബ്രഹ്മകുമാരീസിൻറെ ആത്മീയ പരിപാടിയിലും സംബന്ധിക്കും . രണ്ടാം ദിവസം പഞ്ചാബിലെ കേന്ദ്ര സർവകലാശാലയുടെയും ബട്ടിണ്ടയിലെ എയിംസിന്റെയും ബിരുദദാന ചടങ്ങുകളിലും രാഷ്ട്രപതി പങ്കെടുക്കും. മൂന്നാം ദിനം ചണ്ഡിഗഢിലെ പഞ്ചാബ് സർവകലാശാലയുടെ ബിരുദദാന ചടങ്ങിലും രാഷ്ട്രപതി മുഖ്യാതിഥിയാകും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

# HEADLINE – 1

**PM-WCD**

സ്ത്രീ ശക്തീകരണത്തിൽ നിർമിത ബുദ്ധി നിർണായക പങ്കു വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്ത്രീകളുടെ വികസനത്തിന് നിർമിത ബുദ്ധി വഹിക്കുന്ന പങ്കിനെ കുറിച്ചുള്ള കേന്ദ്ര സഹമന്ത്രി സാവിത്രി ഠാക്കൂറിൻറെ ലേഖനം സമൂഹ മാധ്യമത്തിൽ പങ്കുവച്ചാണ് പ്രധാനമന്ത്രി ഇക്കാര്യം പറഞ്ഞത്. നിർമിത ബുദ്ധി സ്ത്രീകൾക്ക് പുതിയ അവസരങ്ങൾ തുറന്നു നൽകുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

# HEADLINE – 2

**PARLIAMENT-BUDGET SESSION**

പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടം നാളെ ആരംഭിക്കും. ഏപ്രിൽ നാല് വരെ നീണ്ടുനിൽക്കുന്ന സമ്മേളനത്തിൽ 20 സിറ്റിങ്ങുകൾ ഉണ്ടാകും. 2025-26 വർഷത്തെ ധനാഭ്യർഥന, ധനവിനയോഗ ബിൽ എന്നിവയിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ഈ പാദത്തിൽ നടക്കും. രാഷ്ട്രപതി ഭരണത്തിൽ തുടരുന്ന മണിപ്പൂരിൻറെ ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ നാളെ സഭയിൽ അവതരിപ്പിക്കും. അടുത്തമാസം നാല് വരെ നീളുന്ന രണ്ടാം പാദത്തിൽ ബാങ്കിങ് നിയമ (ഭേദഗതി) ബിൽ, റെയിൽവേ (ഭേദഗതി) ബിൽ അടക്കമുള്ള സുപ്രധാന ബില്ലുകൾ ചർച്ചയ്ക്ക് എടുക്കുന്നുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**MEA-PM MAURITIUS**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിന് മറ്റന്നാൾ തുടക്കമാകും. മൗറീഷ്യസിൻറെ ദേശീയ ദിനാഘോഷങ്ങളിൽ മുഖ്യാതിഥിയായി അദ്ദേഹം പങ്കെടുക്കും. മൗറീഷ്യസ് പ്രസിഡൻറ് ധരംബീർ ഗോഖൂളിനെ സന്ദർശിക്കുന്ന ശ്രീ മോദി

പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായി ചർച്ച നടത്തുകയും ചെയ്യും. 2015 ന് ശേഷം ശ്രീ മോദിയുടെ ആദ്യ മൗറീഷ്യസ് സന്ദർശനമാണിത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**WCD MIN-UN VISIT**

ന്യൂയോർക്കിലെ യു എൻ ആസ്ഥാനത്ത് നാളെ ആരംഭിക്കുന്ന കമ്മീഷൻ ഓൺ ദി സ്റ്റാറ്റസ് ഓഫ് വുമൺ - CSW ൻറെ 69-ാമത് സെഷനിൽ കേന്ദ്ര മന്ത്രി അന്നപൂർണ ദേവിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ പ്രതിനിധി സംഘം പങ്കെടുക്കും. സെഷനിൽ സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശക്തീകരണത്തിനുമായി ഇന്ത്യ മുന്നോട്ടുവയ്ക്കുന്ന വിപ്ലവകരമായ ആശയങ്ങൾ അവതരിപ്പിക്കും. തുടർന്ന് നടക്കുന്ന മന്ത്രിതല വട്ടമേശ സമ്മേളനത്തിലും അവർ പങ്കെടുക്കും. ലിംഗസമത്വം, സ്ത്രീ ശക്തീകരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ഐക്യരാഷ്ട്ര സഭയുടെ ആഗോള ഇൻറർ ഗവൺമെൻറൽ സ്ഥാപനമാണ് CSW. ഈ മാസം 21 വരെയാണ് സെഷൻ .

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE – 3

**RAJNATH SINGH (INTRO)**

രാജ്യത്തെ പ്രതിരോധമേഖല സ്വയം പര്യാപ്തതയിലേക്ക് അതിവേഗം മുന്നേറുകയാണെന്ന് രാജ്യരക്ഷാമന്ത്രി രാജ് നാഥ്സിംഗ്. ബംഗളൂരുവിൽ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സിൻറെ എയർക്രാഫ്റ്റ് ഡിവിഷനിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിരോധ മേഖലയിൽ സ്വകാര്യ പങ്കാളിത്തം കൂടി ഉറപ്പാക്കുന്നത് സ്വയം പര്യാപ്തതയിലേക്കെത്താൻ സഹായകമാകുമെന്ന് ശ്രീ.രാജ്നാഥ്സിംഗ് വ്യക്തമാക്കി.

(വോയ്സ്)

$$$$$$$$$$$$$$$$$$$$$$$$$$$$$$

**PM-AIIMS**

ശാരീരിക ബുദ്ധിമുട്ടുകളെ തുടർന്ന് ന്യൂഡൽഹി AIIM സിൽ ചികിത്സയിൽ കഴിയുന്ന, ഉപരാഷ്ട്രപതി ജഗദീപ് ധൻകറുടെ ആരോഗ്യസ്ഥിതി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് നേരിട്ടെത്തി അന്വേഷിച്ചു. ഇന്നലെ രാത്രിയാണ് ഉപരാഷ്ട്രപതിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. അദ്ദേഹത്തിൻറെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി വൃത്തങ്ങൾ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**ENVIRONMENT-TIGER RESERVE**

രാജ്യത്തെ 58-ാമത് കടുവ സങ്കേതമായി മധ്യപ്രദേശിലെ മാധവ് ദേശീയ ഉദ്യാനത്തെ തെരഞ്ഞെടുത്തതായി കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. ഇതോടെ സംസ്ഥാനത്തെ കടുവാ സങ്കേതങ്ങളുടെ എണ്ണം ഒൻപതായി. ഭൂമിയിലെ ജൈവവൈവിധ്യം തിരിച്ചു പിടിക്കുക എന്ന പ്രധാനമന്ത്രിയുടെ ആഹ്വാനത്തെ തുടർന്ന് പരിസ്ഥിതി സംരക്ഷണത്തിലും

,വന്യ ജീവി പാലനത്തിലും രാജ്യം വലിയ മുന്നേറ്റമാണ് നടത്തുന്നതെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

JP NADDA NEW SCHEMES

കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ ത്രിപുരയിലെ പെൺകുട്ടികൾക്കായി രണ്ട് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു . ത്രിപുരയിൽ ബിജെപി നയിക്കുന്ന സർക്കാരിന്റെ ഏഴാം വാർഷികത്തോടനുബന്ധിച്ചാണ് പ്രഖ്യാപനം . പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു സഹായിക്കുന്ന മുഖ്യമന്ത്രി ബാലിക സമൃദ്ധി യോജനയും മുഖ്യമന്ത്രി കന്യ ആത്മനിർഭർ യോജനയുമാണ് പുതിയ പദ്ധതികൾ.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE – 4

HEALTH-INSTITUTE (INTRO)

പൊതുജന ആരോഗ്യ മേഖലയിൽ ഒരു പുതിയ യുഗത്തിലേക്ക് ഇന്ത്യ പ്രവേശിച്ചതായി കേന്ദ്ര ആരോഗ്യ സഹമന്ത്രി അനുപ്രിയ പട്ടേൽ. ന്യൂ ഡൽഹിയിൽ National Institute of Health and Family Welfare ൻറെ 48-ാാംവാർഷിക ദിനാഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു കേന്ദ്ര സഹമന്ത്രി. രാജ്യത്ത് സമഗ്ര ആരോഗ്യ പാലനം ഉറപ്പാക്കുകയും പ്രാഥമിക-ദ്വിതീയ-ത്രിതീയ ആരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുകയാണ് കേന്ദ്ര സർക്കാരെന്നും അവർ അഭിപ്രായപ്പെട്ടു.

(വോയ്സ്)

$$$$$$$$$$$$$$$$$$$$$$$$$$$$$$

KERALA GOVERNER

ഗോത്ര വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് ഉയർത്തിക്കൊണ്ടു വരിക എന്നത് നമ്മുടെ ഉത്തരവാദിത്തമാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ. വിവിധ ഗോത്ര സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ വയനാട് കൽപ്പറ്റയിൽ സംഘടിപ്പിച്ച ഗോത്രപർവ്വം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗോത്ര ജനത അനുഭവിക്കുന്ന പിന്നാക്കാവസ്ഥ തുടച്ചുനീക്കുന്നതിനുള്ള സ്ഥായിയായ പരിശ്രമത്തിന് തുടക്കം കുറിച്ചാണ് ഗോത്രപർവ്വം പരിപാടി സംഘടിപ്പിച്ചത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE – 5

M V GOVINDAN - CPI(M)

സിപിഐഎം സംസ്ഥാന സെക്രട്ടറിയായി MV ഗോവിന്ദനെ വീണ്ടും തെരഞ്ഞെടുത്തു. പിണറായി വിജയൻ, ഇപി ജയരാജൻ, ടിഎം തോമസ് ഐസക്ക്, കെകെ ശൈലജ, ടിപി രാമകൃഷ്ണൻ, കെഎൻ ബാലഗോപാൽ, പി രാജീവ്, സിഎസ് സുജാത എന്നിവരുൾപ്പെടയുള്ള 89 അംഗ കമ്മിറ്റിയേയും 17 അംഗ സെക്രട്ടറിയറ്റിനെയും കൊല്ലത്തു നടന്ന സംസ്ഥാന സമ്മേളനം ഐക കണ്ഠേന തെരെഞ്ഞെടുത്തു.17 പേർ പുതുമുഖങ്ങളാണ്. സംസ്ഥാന കമ്മിറ്റിയിൽ യുവജനങ്ങൾക്കും വനിതകൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. സംസ്ഥാന സമ്മേളനം ഇന്ന് സമാപിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## HEADLINE – 6

### ICC CRICKET

ICC ചാമ്പ്യൻസ് ട്രോഫി ഏകദിന ക്രിക്കറ്റ് ഫൈനലിൽ ന്യൂസിലണ്ടിനെതിരെ ഇന്ത്യക്ക് 252 റൺസ് വിജയലക്ഷ്യം . ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ന്യൂസിലണ്ടിനായി ഡാരൽ മിച്ചലും, മിച്ചൽ ബ്രേസ് വെല്ലും അർദ്ധ സെഞ്ചുറി നേടി . ഇന്ത്യക്കായി വരുൺ ചക്രവർത്തിയും കുൽദീപ് യാദവും രണ്ട് വിക്കറ്റ് വീതം വീഴ്ത്തി. മറുപടി ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ ഒടുവിൽ വിവരം ലഭിക്കുമ്പോൾ വിക്കറ്റ് ഒന്നും നഷ്ടപ്പെടാതെ 92 റൺസ് എടുത്തിട്ടുണ്ട് .

$$$$$$$$$$$$$$$$$$$$$$$$$$$$$$

### I S L

ഐഎസ്എൽ ഫുട്ബോളിൽ ചെന്നൈയിൻ എഫ്സി-ജംഷഡ്പൂർ എഫ്സി പോരാട്ടം പുരോഗമിക്കുന്നു. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

### DAY KHELO INDIA WINTER GAMES

ഖേലൊ ഇന്ത്യ ശൈത്യകാല ഗെയിംസ് 2025 ന്റെ രണ്ടാം ഘട്ട മത്സരങ്ങൾക്ക് ജമ്മു കാശ്മീരിലെ ഗുൽമാർഗിൽ തുടക്കമായി. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പരിപാടിയിൽ ആൽപൈൻ സ്കീയിംഗ്, സ്കീ മൗണ്ടനീയറിംഗ് തുടങ്ങിയ വിഭാഗങ്ങളിലായി 800 ഓളം കായികതാരങ്ങൾ പങ്കെടുക്കും. മത്സരങ്ങളോടനുബന്ധിച്ച് ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ പ്രദേശത്ത് ഏർപ്പെടുത്തിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

### MEA-CALIFORNIA TEMPLE

കാലിഫോർണിയയിലെ ചിനോ ഹിൽസിലെ ഹിന്ദു ക്ഷേത്രത്തിൽ നടന്ന ആക്രമണത്തെ അപലപിച്ച് കേന്ദ്ര സർക്കാർ. ഇതിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടിയെടുക്കാൻ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആരാധനാലയങ്ങൾക്ക് മതിയായ സുരക്ഷ ഉറപ്പാക്കാൻ നിർദേശം നൽകിയതായും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

### KATHUA-MISSING CIVILIANS

ജമ്മു കശ്മീരിലെ കതുവ ജില്ലയിൽ മൂന്നു ദിവസങ്ങൾക്കു മുൻപ് വിവാഹ ചടങ്ങിനിടെ കാണാതായ മൂന്നു പേരുടെ മൃതദേഹങ്ങൾ കണ്ടെടുത്തു. പോലീസും സൈന്യവും സംയുക്തമായി നടത്തിയ തിരച്ചിലിൽ മൽഹാർ പ്രദേശത്തു നിന്നാണ് മൃതദേഹങ്ങൾ കണ്ടെടുത്തത്. സംഭവം അങ്ങേയറ്റം ദുഃഖകരവും ആശങ്കാജനകവുമാണെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് പ്രതികരിച്ചു. പ്രദേശത്തെ സമാധാന അന്തരീക്ഷം തകർക്കുന്നതിന് പിന്നിൽ വലിയ ഗൂഢാലോചന യുള്ളതായും അദ്ദേഹം സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

### INDIA- KYRGYZSTAN

12-ാമത്, ഇന്ത്യ-കിർഗിസ്ഥാൻ സംയുക്ത സേനാഭ്യാസം, KHANJAR-XII നു നാളെ തുടക്കം. കിർഗിസ്ഥാനിൽ നടക്കുന്ന രണ്ടാഴ്ച നീളുന്ന പരിപാടി ഈ മാസം 23 ന് സമാപിക്കും. നഗര - പർവത മേഖലകളിലെ തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങൾ, പ്രത്യേക സേനാ നടപടികൾ എന്നിവയിലെ മികച്ച മാതൃകകളുടെ കൈമാറ്റം ,ഈ അഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നു.

**$$$$$$$$$$$$$$$$$$$$$$$$$$$**
**$$$$$$$$$$$$$$$$$$$$$$**
**$$$$$$$$$$$$**
**$$$$$$**